പാഠം 9

# മലിനീകരണത്തിൽനിന്ന് ശുദ്ധീകരണത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനിയേൽ 8; 2:38; ഉല്പത്തി 11:4; ലേവ്യർ 16; എബ്രായർ 9:23–28.

**മനഃപാഠവാക്യം: "അതിനു അവൻ അവനോടു: രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നെ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും" (ദാനി. 8:14).**

ദാനിയേൽ 8 ൽ നൽകപ്പെട്ടിരിക്കുന്ന ദർശനം ബി. സി. 548/547 ൽ നൽകപ്പെട്ടതാണ്. ദാനിയേൽ 7 ൽ പരാമർശിക്കപ്പെട്ട ന്യായവിധിയെ സംബന്ധിച്ച കാര്യങ്ങൾ ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ദാനിയേൽ 2, 7 അദ്ധ്യായങ്ങളിൽനിന്നു വ്യത്യസ്തമായി ദാനിയേൽ 8 ലെ ദർശനം ബാബിലോണിനെ വിട്ടു മീദോ പേർഷ്യയെക്കുറിച്ചു പറയുവാൻ തുടങ്ങിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സമയത്തു ബാബിലോൺ തകരുകയും പേർഷ്യക്കാർ അടുത്ത ലോകസാമ്രാജ്യമായി ബാബിലോണിന്റെ സ്ഥാനം എടുക്കുവാൻ കാലമാകുകയും ചെയ്തിരുന്നു. ദാനിയേൽ 8 ലെ ദർശനം 7 ലെ ദർശനത്തിനു സമാന്തരമാണ് ദാനിയേൽ 8 ൽ ഭാഷയും സാദൃശ്യങ്ങളും മാറി, കാരണം, സ്വർഗ്ഗീയ പാപപരിഹാരദിനത്തോടനുബന്ധമായി സ്വർഗ്ഗീയവിശുദ്ധമന്ദിരം ശുദ്ധീകരിക്കുന്നതിലേക്ക് അതു പൂർണ്ണശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദാനിയേൽ 8 ന്റെ ശ്രദ്ധാകേന്ദ്രം സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിന്റെ വിവിധ വശങ്ങളാകുന്നു എന്നതാണു അദ്ധ്യായത്തിന്റെ വേറിട്ടുള്ള സംഭാവന. ദാനിയേൽ 7 സ്വർഗ്ഗീയ കോടതിയെയും മനുഷ്യപുത്രൻ രാജത്വം പ്രാപിക്കുന്നതിനെയും കാട്ടിത്തരുമ്പോൾ, ദാനിയേൽ 8 ആകട്ടെ സ്വർഗ്ഗീയ വിശുദ്ധമന്ദിര ശുദ്ധീകരണത്തെ കാണിച്ചു തരുന്നു. ആയതിനാൽ, ഈ രണ്ടു അദ്ധ്യായങ്ങളിലെ സമാന്തരത്വം സൂചിപ്പിക്കുന്നത് ദാനിയേൽ 8 ലെ സ്വർഗ്ഗീയ വിശുദ്ധമന്ദിര ശുദ്ധീകരണവും 7 ലെ ന്യായവിധി ദൃശ്യവും പരസ്പരം യോജിച്ചിരിക്കുന്നുവെന്നാണ്.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 29 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ആട്ടുകൊറ്റനും കോലാട്ടുകൊറ്റനും

**ദാനിയേൽ 8 വായിക്കുക. ഈ ദർശനം ആകെ എന്തിനെ കുറിച്ചുള്ളതാണ്? ദാനിയേൽ 2 ലും 7 ലും കണ്ടതിന് ഇതു എങ്ങനെ സമാന്തരമാകുന്നു?**

വ്യത്യസ്ത സാദൃശ്യങ്ങളിൽ ആണെങ്കിലും ദാനിയേൽ 2 ലെയും 7 ലെയും പോലെ, ലോകസാമ്രാജ്യങ്ങളുടെ ഉയർച്ചയും താഴ്ചയും ഇവിടെ നമുക്കു മറ്റൊരു ദർശനത്തിലൂടെ നൽകപ്പെട്ടിരിക്കുന്നു. ഈ ദൃശ്യാവിഷ്കാരത്തിൽ ചെമ്മരി ആട്ടുകൊറ്റന്റെയും കോലാട്ടുകൊറ്റന്റെയും സാദൃശ്യങ്ങൾ ഉപയോഗിച്ചിരിക്കുന്നതു, പുരാതന യിസ്രായേലിന്റെ ന്യായവിധി സമയമായ പാപപരിഹാരദിന വിശുദ്ധമന്ദിര ശുദ്ധീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലാണ്. ചെമ്മരി ആട്ടുകൊറ്റനും കോലാട്ടുകൊറ്റനും വിശുദ്ധമന്ദിര ശുശ്രൂഷകളിൽ യാഗ വിഴിപാടുകളായി ഉപയോഗിക്കപ്പെട്ടിരുന്നു. എങ്കിലും രണ്ടുതരം ആടുകളും ഒരുമിച്ചു പറയപ്പെട്ടിരിക്കുന്നതു പാപപരിഹാരദിനത്തിൽ മാത്രമാണ്. അങ്ങനെ, ദർശനത്തിന്റെ ഒരു സുപ്രധാന ശ്രദ്ധാകേന്ദ്രം ആയ പാപപരിഹാര ദിനത്തെ വേർതിരിച്ചുകൊണ്ടാണു ഉദ്ദേശ്യപൂർവ്വം രണ്ടുതരം മൃഗങ്ങളെ തിരഞ്ഞെടുത്തിരുന്നത്.

ദർശനം വെളിവാക്കുന്നതുപോലെ "ആ ആട്ടുകൊറ്റൻ പടിഞ്ഞാറോട്ടും, വടക്കോട്ടും, തെക്കോട്ടും ഇടിക്കുന്നതും ഞാൻ കണ്ടു" (ദാനി. 8:4). ഈ മൂന്നു മുന്നേറ്റങ്ങൾ സൂചിപ്പിക്കുന്നത് ഈ ശക്തിയുടെ അധികാരവ്യാപ്തിയെയാണ്. "ഒരു മൃഗത്തിനും അതിന്റെ മുൻപാകെ നിൽക്കാൻ കഴിഞ്ഞില്ല, അതിന്റെ കൈയിൽനിന്ന് രക്ഷിക്കാകുന്നവനും ആരുമില്ല" (ദാനി. 8:4). ദൂതൻ വിശദീകരിക്കുന്നതുപോലെ "രണ്ടു കൊമ്പുള്ളതായി നീ കണ്ട ആട്ടുകൊറ്റൻ പാർസ്യ രാജാക്കന്മാരെ കുറിക്കുന്നു" (ദാനി 8:20). മൂന്നു ദിശകൾ സൂചിപ്പിക്കുന്നത് ഈ ലോകശക്തിയുടെ സുപ്രധാനമായ മൂന്നു ദിഗ്വിജയങ്ങളെയാണ്.

അടുത്തതായി, ഒരു വലിയ കൊമ്പോടുകൂടി ഒരു കോലാട്ടുകൊറ്റൻ പ്രത്യക്ഷപ്പെടുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ആജ്ഞയിൻ കീഴിലെ ഗ്രീക്കു സാമ്രാജ്യത്തെയാണു അതു പ്രതിനിധാനം ചെയ്യുന്നത് (ദാനി. 8:21). കോലാട്ടുകൊറ്റൻ 'നിലം തൊടാതെ' വന്നു എന്നതു അതിന്റെ അതിവേഗത്തെ സൂചിപ്പിക്കുന്നു (ദാനി. 8:5). ഈ സാദൃശ്യം, അലക്സാണ്ടർ ചക്രവർത്തി രാജ്യങ്ങളെ ജയിച്ചടക്കിയതിന്റെ അതിവേഗതയുടെ ആശയത്തെയാണു നൽകുന്നത്. ദാനിയേൽ 7 അതിനെ ചിറകുകളുള്ള ഒരു പുള്ളിപ്പുലി ആയാണു ചിത്രീകരിക്കുന്നത്. എങ്കിലും പ്രവചനം സൂചിപ്പിക്കുന്നതുപോലെ 'കോലാട്ടുകൊറ്റൻ കരുത്തു പ്രാപിച്ചപ്പോൾ, വലിയ നാലു കൊമ്പുകൾ തകർന്നു പോയി' (ദാനി. 8:8). അതിന്റെ സ്ഥാനത്തു പകരം നാലു മുളച്ചുവന്നു, അവ ദിശാസൂചിയുടെ നാലു ഭാഗത്തേക്കും നീണ്ടുപോയി. ബി.സി. 323 ൽ അലക്സാണ്ടർ ബാബിലോണിൽവച്ചു 33-ാം വയസ്സിൽ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സാമ്രാജ്യം തന്റെ നാലു സൈന്യാധിപന്മാർക്കിടയിൽ വിഭജിക്കപ്പെട്ട് അതു നിവൃത്തിയായി.

**ദാനിയേൽ 2:38 നും 8:20,21 നുമിടയിൽ വെളിവാക്കപ്പെട്ട നാലു സാമ്രാജ്യങ്ങളിൽ മൂന്നിന്റെയും പേരുകൾ നമുക്കു ലഭ്യമായി. ആശ്ചര്യകരമായ ഈ വസ്തുത ഈ പ്രവചനങ്ങളുടെ വ്യാഖ്യാനത്തിന്റെ കൃത്യതയെ ഉറപ്പാക്കുവാൻ നമ്മെ എങ്ങനെ സഹായിക്കുന്നു?**

## ചെറിയകൊമ്പിന്റെ ആവിർഭാവം

**ദാനിയേൽ 8:8-12 ശ്രദ്ധിച്ചു വായിക്കുക. ഏതു ദിശയിലേക്കാണ് ഈ ചെറിയ കൊമ്പു സഞ്ചരിക്കുന്നത്? ഇതു ഗ്രഹിക്കുന്നതു എന്തുകൊണ്ടു പ്രധാനമാണ്?**

ആകാശത്തിലെ നാലു കാറ്റുകളിലേക്കു നീളുന്ന നാലു കൊമ്പുകളെ ചിത്രീകരിച്ചശേഷം, ഒന്നിൽനിന്നു ഒരു 'ചെറിയ കൊമ്പു' മുളച്ചുവന്നതായി ബൈബിൾ വചനഭാഗം പറയുന്നു. ഇന്നലെ നമ്മൾ കണ്ടതായ നാലു സൈന്യാധിപന്മാരായ നാലു കൊമ്പുകളിൽ നിന്നാണോ അതോ നാലു കാറ്റുകളിൽനിന്നാണോ ഈ ചെറിയ കൊമ്പു മുളച്ചുവന്നത് എന്നതാണ് ഇവിടത്തെ പ്രസക്തമായ ചോദ്യം. വചനഭാഗത്തിന്റെ മൂലഭാഷയുടെ വ്യാകരണഘടന, ആകാശത്തിലെ നാലു കാറ്റുകളിൽനിന്നു ഈ ചെറിയ കൊമ്പു വന്നു എന്നാണു സൂചിപ്പിക്കുന്നത്. ഗ്രീക്കു സാമ്രാജ്യ കാലത്തിനും അതിൽനിന്നുള്ള നാലു വിഭജിത രാജ്യങ്ങൾക്കും ശേഷമാണ് ഈ ശക്തി (കൊമ്പു) ഉളവാകുന്നത്. അതുകൊണ്ട് ഈ ചെറിയ കൊമ്പ് രണ്ടു ഘട്ടങ്ങളിലുള്ള പ്രാകൃത റോമിനെയും പാപ്പാത്വറോമിനെയും പ്രതിനിധാനം ചെയ്യുന്നു. ദാനിയേൽ ആദ്യം റോമിനെ, അതിന്റെ പ്രാകൃത സാമ്രാജ്യഘട്ടത്തിൽ യെഹൂദാജനത്തോടും ആദിമ ക്രിസ്ത്യാനികളോടും യുദ്ധം ചെയ്യുന്നതായും, പിന്നെ അതിന്റെ പാപ്പാത്വ കാലഘട്ടത്തിൽ നമ്മുടെ കാലം വരെയും ഭാവിയിലും അതു തുടരുന്നതായും കണ്ടു." SDA Bible Commentary 4:841

ബൈബിൾ വചനഭാഗം അനുസരിച്ചു, ചെറിയ കൊമ്പു ആദ്യം തെക്കോട്ടും കിഴക്കോട്ടും മനോഹര ദേശത്തേക്കും വളരെ ശക്തിയോടെ നീങ്ങുന്നു (ദാനി. 8:9). ഈ മൂന്നു ദിക്കുകൾ പ്രാകൃത റോമിനു കീഴ്പ്പെട്ടതായ മൂന്നു പ്രധാന മേഖലകൾക്കു ചേരുന്നതാണ്.

ദർശനത്തിലെ പ്രധാന അഭിനേതാവു എന്ന നിലയിൽ അതിന്റെ നേരെ മുകളിലേക്കുള്ള വളർച്ച വിശദമായ ശ്രദ്ധ അർഹിക്കുന്നു. ഈ കാര്യത്തിൽ, താഴെ വരുന്ന താരതമ്യ പഠനപ്രകാരം ഈ ചെറിയ കൊമ്പു ദാനിയേൽ 7 ലെ ചെറിയ കൊമ്പിനു ചേർന്നതാണ്: (1) രണ്ടു കൊമ്പുകളും ആരംഭത്തിൽ ചെറുതാണ് (7:8; 8:9). (2) രണ്ടും പിന്നീടു വളർന്നു വലുതായിത്തീരുന്നു (7:20; 8:9). (3) രണ്ടും പീഡക ശക്തികളാണ് (7:21, 25; 8:10, 24). (4) രണ്ടും സ്വയം ഉയർത്തുന്നതും ദൂഷണം പറയുന്നതും ആണ് (7:8, 20, 25; 8:10,11,25). (5) രണ്ടും ദൈവജനത്തെ ലക്ഷ്യമിടുന്നു (7:25; 8:24). (6) രണ്ടിനും പ്രവചന കാലയളവിൽ ചിത്രീകരിക്കപ്പെട്ട അവരുടെ പ്രവർത്തനകാര്യങ്ങളുണ്ട് (7:25; 8:13,14). (7) രണ്ടും കാലാന്ത്യംവരെ നീണ്ടു നിൽക്കുന്നു (7:25,26; 8:17,19). (8) രണ്ടിനും അസ്വാഭാവികമായ (Supernatural) നാശം സംഭവിക്കുന്നു (7:11, 26; 8:25). അന്തിമമായി, ദാനിയേൽ 7 ലെ ചെറിയ കൊമ്പു പാപ്പാത്വത്തെ പ്രതിനിധീകരിക്കുന്നതിനാൽ ദാനിയേൽ 8 ലെ ചെറിയ കൊമ്പിന്റെ മേലോട്ടുള്ള വളർച്ച നിശ്ചയമായും ഒരേ ശക്തിയെ പ്രതിനിധാനം ചെയ്യണം. അങ്ങനെ ദാനിയേൽ 2 ലെയും 7 ലെയും എന്നപോലെ, ആത്യന്തികമായ പ്രധാനശക്തി പ്രാകൃതവും പാപ്പാത്വവും അടക്കമുള്ള റോമ തന്നെയാണ്.

## വിശുദ്ധ മന്ദിരത്തിനു നേരേ ആക്രമണം

**ദാനിയേൽ 8:10-12 വായിക്കുക. ഏതു തരം പ്രവൃത്തികളാണു ചെറിയ കൊമ്പു ചെയ്യുന്നതായി ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്?**

ദാനിയേൽ 8:10 ൽ, ബാബേൽ നിർമ്മാതാക്കളുടെ പ്രയത്നങ്ങളെ ഒരു ആത്മിക നിലയിൽ ആവർത്തിക്കുവാൻ ചെറിയ കൊമ്പു പരിശ്രമിക്കുന്നു (ഉല്പ.11:4). "സൈന്യം" (host) നക്ഷത്രങ്ങൾ എന്നിവ പഴയനിയമത്തിൽ ദൈവജനത്തെ സൂചിപ്പിക്കുന്നു. യിസ്രായേൽഗണങ്ങൾ സൈന്യങ്ങൾ എന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു (പുറ. 12:41). ദാനിയേലും ദൈവത്തിന്റെ വിശ്വസ്ത ജനത്തെ പ്രകാശിക്കുന്ന നക്ഷത്രങ്ങൾ എന്നു ചിത്രീകരിക്കുന്നു (ദാനി. 12:3). ഇതു അക്ഷരീകമായി ആകാശ ഗോളങ്ങളോടുള്ള ഒരു ആക്രമണം അല്ലെന്നും എന്നാൽ, "തങ്ങളുടെ പൗരത്വം സ്വർഗ്ഗത്തിൽ ആയിരിക്കുന്ന (ഫിലി. 3:20) ദൈവജനത്തിന് എതിരേയുള്ള പീഡനം ആണെന്നും വ്യക്തമാണ്. പ്രാകൃതറോമയുടെ ചക്രവർത്തിമാർ ആയിരക്കണക്കിനു ക്രിസ്ത്യാനികളെ കൊന്നൊടുക്കിയെങ്കിലും, ഇപ്പോൾ നാം ശ്രദ്ധിക്കുന്ന കാര്യം ചെറിയ കൊമ്പിന്റെ ദൈവത്തിനെതിരെയുള്ള പ്രവൃത്തികളാണ്.

കൂടാതെ, ദാനിയേൽ 8:11 ൽ "സൈന്യത്തിന്റെ അധിപതി"യായും മറ്റിടങ്ങളിൽ "അഭിഷിക്തനായ പ്രഭു (9:25) അഥവാ മശീഹയായും "പ്രഭുവായ മീഖായേൽ" (10:21) ആയും "മഹാപ്രഭുവായ മീഖായേൽ" (12:1) ആയും യേശു ക്രിസ്തു വിളിക്കപ്പെടുന്നു. അതിനാൽ പാപ്പാത്വവും അതു പ്രതിനിധീകരിക്കുന്ന മതവ്യവസ്ഥിതിയും, യേശുവിന്റെ പൗരോഹിത്യ പ്രവൃത്തിയെ ആശയക്കുഴപ്പത്തിലാക്കുകയും അതിനെ അസ്ഥിരപ്പെടുത്തി അതിന്റെ സ്ഥാനം എടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

ദാനിയേൽ 8:11 ലെ "നിരന്തര ഹോമയാഗം," സൂചിപ്പിക്കുന്നത് സമാഗമന കൂടാരശുശ്രൂഷകളാണ്. ഈ ഭൗമിക ശുശ്രൂഷകൾ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷയെ പ്രതിനിധാനം ചെയ്യുന്നു. അതിനാൽ, പ്രവചനം മുൻകൂട്ടി അറിയിക്കുന്ന പ്രകാരം പാപ്പാത്വം ക്രിസ്തുവിന്റെ പക്ഷവാദ പ്രവൃത്തിയെ പുരോഹിതന്മാരുടെ പക്ഷവാദമാക്കി മാറ്റുന്നു. ഇപ്രകാരമുള്ള വ്യാജ ആരാധനാനടപടികൾകൊണ്ടു ചെറിയ കൊമ്പു ക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷയ്ക്കു നീക്കം വരുത്തുകയും ക്രിസ്തുവിന്റെ വിശുദ്ധമന്ദിരത്തിന്റെ സ്ഥാനത്തെ പ്രതീകാത്മകമായി തള്ളിയിടുകയും ചെയ്യുന്നു.

"അവൻ സത്യത്തെ നിലത്തു തള്ളിയിട്ടു. അവൻ ഇതെല്ലാം ചെയ്യുന്നതിൽ വിജയിച്ചു (ദാനി. 8:12). യേശു താൻ തന്നെ സത്യമെന്നു പ്രസ്താവിക്കുകയും (യോഹ. 14:6), ദൈവവചനത്തെ സത്യമെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു (യോഹ 17:17). അതിനു വിപരീതമായി ബൈബിളിനെ ജനങ്ങളുടെ ഭാഷകളിലേക്കു പരിഭാഷപ്പെടുത്തുന്നതിനെ നിരോധിച്ചും, ബൈബിൾ വ്യാഖ്യാനത്തെ സഭയുടെ അധികാരത്തിൻ കീഴിൽ വെച്ചും, പാരമ്പര്യത്തെ പരമാധികാരനിയമം ആക്കിക്കൊണ്ടും വിപരീതമായി പ്രവർത്തിക്കുന്നു.

**മാനുഷിക പാരമ്പര്യത്തെക്കാൾ ബൈബിൾ സത്യത്തിന്റെ അറിവു എത്രമാത്രം വിലപ്പെട്ടതും പ്രധാനവും ആണെന്നു ഈ പഠനം എങ്ങനെ ബോദ്ധ്യമാക്കുന്നു.**

## വിശുദ്ധ മന്ദിരത്തിന്റെ ശുദ്ധീകരണം

**ദാനിയേൽ 8:14 വായിക്കുക. ഇവിടെ എന്തു സംഭവിക്കുന്നു?**

സർവ്വവും നശിപ്പിക്കുന്ന ചെറിയ കൊമ്പിന്റെ ആക്രമണത്തിനുശേഷം, വിശുദ്ധ മന്ദിരം ശുദ്ധീകരിക്കപ്പെടുമെന്ന വിളംബരം ഉണ്ടായി. ഈ ദൂതു മനസ്സിലാക്കുന്നതിനു ദാനിയേൽ 8:14 ൽ പറയപ്പെടുന്ന വിശുദ്ധമന്ദിര ശുദ്ധീകരണവും ദാനിയേൽ 7:9–14 ലെ ന്യായവിധിയും അനുരൂപം ആണെന്നു നാം ഓർത്തിരിക്കണം. അതുപോലെ ന്യായവിധി സ്വർഗ്ഗത്തിൽ സംഭവിക്കുന്നതിനാൽ വിശുദ്ധമന്ദിരവും സ്വർഗ്ഗത്തിൽതന്നെ ആയിരിക്കുന്നു. അങ്ങനെ, ദൈവം മനുഷ്യകാര്യങ്ങളിൽ ഇടപെടുന്നതും മനുഷ്യകാര്യങ്ങളോടു ഒരു നീതിന്യായ കാഴ്ചപ്പാടിലൂടെ ദാനിയേൽ 7 ൽ കാണിച്ചുതരുമ്പോൾ, ദാനിയേൽ 8 ൽ അതേ സംഭവത്തെ വിശുദ്ധമന്ദിരവുമായുള്ള ബന്ധത്തിൽ വിവരിക്കുന്നു.

ഭൗമിക വിശുദ്ധമന്ദിരം അതിന്റെ സ്വർഗ്ഗീയ മാതൃകയിലാണു നിർമ്മിക്കപ്പെട്ടിരുന്നത്. രക്ഷാപദ്ധതിയുടെ വിപുലമായ രൂപരേഖകൾ വിശദമാക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടുള്ളതായിരുന്നു അത്. ഓരോ ദിവസവും പാപികൾ അവരുടെ യാഗങ്ങളെ വിശുദ്ധമന്ദിരത്തിലേക്കു കൊണ്ടുവന്നിരുന്നു, അവിടെ ഏറ്റു പറയപ്പെട്ട പാപങ്ങൾ അവരോടു ക്ഷമിക്കയും അവ വിശുദ്ധമന്ദിരത്തിലേക്കു മാറ്റപ്പെടുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി വിശുദ്ധമന്ദിരം അശുദ്ധി കലർന്നതായി. അതിനാൽ അതിലേക്കു മാറ്റപ്പെട്ടിരുന്ന പാപങ്ങളിൽനിന്നു വിശുദ്ധമന്ദിരത്തിനു ആനുകാലികമായ ഒരു ശുദ്ധീകരണം ആവശ്യമായി വന്നു. ഈ പ്രക്രിയ പാപപരിഹാരദിനമെന്നു വിളിക്കപ്പെട്ടിരുന്ന ദിവസത്തിലും വർഷത്തിൽ ഒരിക്കലായും നിർവ്വഹിക്കപ്പെട്ടിരുന്നു (ലേവ്യർ 16 കാണുക).

എന്തുകൊണ്ടു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിനു ശുദ്ധീകരണം ആവശ്യമായി വരുന്നു? ഐക്യരൂപ്യം കൊണ്ടു നമുക്കു പറയാൻ കഴിയും, അതായതു, അനുതപിച്ച യിസ്രായേല്യരുടെ പാപങ്ങൾ ഭൗമിക വിശുദ്ധമന്ദിരത്തിലേക്കു മാറ്റപ്പെട്ടിരുന്നതുപോലെ. യേശുവിനെ സ്വീകരിച്ചവരുടെ പാപങ്ങൾ സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരത്തിലേക്കു മാറ്റപ്പെടുകയാണ്. ഭൗമിക പാപപരിഹാരദിനത്തിൽ കണക്കില്ലാതെ മൃഗങ്ങൾ കൊല്ലപ്പെട്ടിരുന്നു. ഇതു ഭാവി യിലെ യേശുവിന്റെ മരണത്തെയാണു സാദൃശീകരിച്ചിരുന്നത്. അങ്ങനെയാണു പാപപരിഹാരദിനത്തിൽ പാപികൾക്കു നിൽക്കുവാൻ കഴിഞ്ഞിരുന്നത്.

ഭൗമികവിശുദ്ധമന്ദിരം ശുദ്ധീകരിക്കപ്പെട്ട പാപപരിഹാരദിനത്തിൽ സംഭവിച്ച അതേ പ്രകാരം, ന്യായവിധിയിലൂടെ കടന്നുപോകുവാൻ നമ്മെ പ്രാപ്തരാക്കുന്ന ക്രിസ്തുവിന്റെ രക്തം മാത്രം സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിനു എത്ര അധികം വേണ്ടിവരും? ദാനിയേൽ 8:14 ലെ വിശുദ്ധമന്ദിര ശുദ്ധീകരണം, ഭൗമിക ശുശ്രൂഷയുടെ സ്വർഗ്ഗീയ പ്രതിരൂപം ആകുന്നു. അതിന്റെ അടിസ്ഥാന സന്ദേശം ഇതാണ്: "നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിനും ന്യായവിധിയിൽ നിൽപ്പാൻ കഴിയേണ്ടതിനും പാപികളായ നമുക്കു മശീഹയുടെ രക്തം ആവശ്യമാണ്.

**എബ്രായർ 9:23–28 വായിക്കുക. ക്രിസ്തുവിന്റെ യാഗത്തിലൂടെയുള്ള നമ്മുടെ രക്ഷയെ ഈ വാക്യങ്ങൾ എങ്ങനെ വ്യക്തമാക്കുന്നു?**

## പ്രവചനപരമായ സമയവിവരപട്ടിക

**ദാനിയേൽ 8:13 വായിക്കുക: ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യം എന്താണ്? അടുത്ത വാക്യത്തിലെ അതിന്റെ ഉത്തരം മനസ്സിലാക്കുവാൻ ചോദ്യം എങ്ങനെ സഹായിക്കുന്നു?**

2300 സന്ധ്യയുടെയും ഉഷസ്സിന്റെയും സമയം എപ്പോഴാണ്? ഒന്നാമതു, ചെറിയ കൊമ്പിന്റെ പ്രവൃത്തികളും അതുണ്ടാക്കിയ നാശനഷ്ടങ്ങളും വിവരിക്കപ്പെട്ടതിനെ തുടർന്നു. ദാനിയേലിനു ചെമ്മരിയാടിന്റെയും കോലാടിന്റെയും ദർശനം നൽകപ്പെട്ടതു നാം ഓർക്കണം. ദാനിയേൽ 8:13 ൽ ദർശനം പിന്നെ ഒരു ചോദ്യമായി മാറി. പ്രവചനത്തിന്റെ കാലദൈർഘ്യത്തെക്കുറിച്ചല്ല, പ്രവചനകാലത്തിനുശേഷം എന്താണു സംഭവിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ചാണു പ്രത്യേകിച്ചും ചോദ്യം ഉന്നയിക്കപ്പെട്ടത്. അതു കൂടാതെ, അങ്ങനെ ഒരു കാലയളവിനെ ചെറിയ കൊമ്പിന്റെ പ്രവർത്തന കാലത്തിൽ മാത്രമായി ഒതുക്കുവാൻ കഴിയുന്നതല്ല, കാരണം. ദർശനം എന്നതു ആട്ടുകൊറ്റന്റെ കാലം മുതൽ ചെറിയ കൊമ്പിന്റെ പ്രവർത്തനങ്ങൾ വരെ അതിൽ ഉൾപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടു ഇതു ദൈർഘ്യമേറിയ ഒരു യഥാർത്ഥ ചരിത്രകാലയളവാണ്.

ആട്ടുകൊറ്റൻ (മീദോ - പേർഷ്യ), കോലാട്ടുകൊറ്റൻ (ഗ്രീസ്) ചെറിയകൊമ്പും അതിന്റെ പ്രവർത്തനങ്ങളും (റോമ പ്രാകൃതവും പാപ്പാത്വവും) ഉൾപ്പെട്ട "ദർശനം എത്രത്തോളം നിൽക്കും" എന്ന ചോദ്യത്തിനു മറ്റു സ്വർഗ്ഗീയ ജീവികൾ മറുപടി നൽകി: "രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം പിന്നെ വിശുദ്ധമന്ദിരം ശുദ്ധീകരിക്കപ്പെടും" (ദാനി. 8:14). നമ്മൾ നേരത്തേ കണ്ടതുപോലെ ഈ കാലയളവു വളരെ നീളമേറിയതാണ്. എന്തുകൊണ്ടന്നാൽ ഇതു മീദോ - പേർഷ്യൻ സാമ്രാജ്യകാലത്ത് ആരംഭിച്ചു യവന (ഗ്രീക്ക്) സാമ്രാജ്യകാലവും കടന്നു പ്രാകൃത, പാപ്പാത്വ വാഴ്ചകാലങ്ങളും കഴിഞ്ഞ് ആയിരക്കണക്കിന് വർഷങ്ങളിലാണു ചെന്നു അവസാനിക്കുന്നതു: ചരിത്രാധിഷ്ഠിത വ്യാഖ്യാന രീതി അനുസരിച്ചു (പാഠം1) ഈ പ്രവചനകാലവും വർഷ ദിനതത്വ പ്രകാരമാണു കണക്കുകൂട്ടേണ്ടത്. അതായതു 2300 സന്ധ്യകളും ഉഷസ്സുകളും 2300 വർഷങ്ങളാണ്. അതല്ലെങ്കിൽ 2300 ദിവസങ്ങൾ എന്നതു കേവലം ആറു വർഷങ്ങളും 110 ദിവസങ്ങളും കൊണ്ടു അവസാനിച്ചു പോകും. ദർശനത്തിലെ സംഭവങ്ങൾക്കു അസാധ്യമായവിധം വെറും ചെറിയ ഒരു കാലയളവ് ആണത്. ആയതിനാൽ വർഷ - ദിന തത്വപ്രകാരം അതിനെ കണക്കാക്കിയേ മതിയാകൂ.

പ്രവചനകാലത്തിന്റെ തുടക്കം കണക്കാക്കുന്നതിനുള്ള ഏതെങ്കിലും വിവരം ദാനീയേൽ 8 നൽകുന്നില്ല; ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായും അതിന്റെ അന്ത്യത്തെയും സ്ഥാപിക്കുവാൻ നമുക്കു കഴിയുമായിരുന്നു. എന്നാൽ ദാനിയേൽ 9 അതിനു പ്രയോജനകരമായ ഒരു നിർണ്ണായക വിവരം നൽകുന്നു. (അത് അടുത്ത ആഴ്ചയിൽ പഠിക്കും.)

**2300 വർഷങ്ങളുടെ ഈ പ്രവചനം ബൈബിളിലെ ഏറ്റവും നീളം കൂടിയ കാലപ്രവചനമാണ്. അതിനെക്കുറിച്ചു ചിന്തിക്കുക: 2300 വർഷങ്ങൾ! നമ്മുടെ ആയുസ്സ് കണക്കാക്കുമ്പോൾ അതു അതിദീർഘ കാലമാണ്. ദൈവത്തോടും അന്ത്യസംഭവങ്ങളിലെ നമ്മുടെ പ്രതീക്ഷകളോടും സഹനശക്തി ഉണ്ടാകേണ്ടതിന് ഈ അന്തരം എങ്ങനെ സഹായകമാകും?**

## കൂടുതൽ പഠനം:

ദാനീയേൽ 2, 7, 8 അദ്ധ്യായങ്ങളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന സാമ്രാജ്യങ്ങളുടെ കാലക്രമം താഴെ പട്ടിക(chart)യിൽ സംക്ഷിപ്തമായി നൽകിയിരിക്കുന്നു. വിശുദ്ധമന്ദിരത്തിന്റെ ശുദ്ധീകരണത്തെ സംബന്ധിച്ചു ഇതെന്താണു നമ്മോടു പറയുന്നത്?

| **ദാനിയേൽ 2** | **ദാനിയേൽ 7** | **ദാനിയേൽ 8** |
|---|---|---|
| ബാബിലോൺ | ബാബിലോൺ | ....................... |
| മീദോ - പേർഷ്യ | മീദോ - പേർഷ്യ | മീദോ - പേർഷ്യ |
| ഗ്രീസ് | ഗ്രീസ് | ഗ്രീസ് |
| പ്രാകൃത റോമ | പ്രാകൃത റോമ | പ്രാകൃത റോമ |
| പാപ്പാത്വ റോമ | പാപ്പാത്വ റോമ | പാപ്പാത്വ റോമ |
| ....................... | **ന്യായവിധി സ്വർഗ്ഗത്തിൽ** | **വിശുദ്ധമന്ദിര ശുദ്ധീകരണം** |
| രണ്ടാം വരവ്<br>(കൈ തൊടാത്ത കല്ല്) | രണ്ടാം വരവ്<br>(വിശുദ്ധന്മാർക്ക് രാജത്വം) | രണ്ടാം വരവ്<br>(കൈ തൊടാതെ നാശം) |

നമ്മൾ ഇവിടെ കാണുന്ന പ്രകാരം അദ്ധ്യായങ്ങൾക്കിടയിൽ സമാന്തരത്വമുണ്ട്. രാജ്യങ്ങളുടെ ചിത്രീകരണം പരസ്പരം സമാന്തരമായി വരുന്നു; ദാനിയേൽ 7 ലെ ന്യായവിധി പാപ്പാത്വ റോമയുടെ 1,260 വർഷ വാഴ്ചയ്ക്കുശേഷമാണ് (AD 538 - 1798) സംഭവിക്കുന്നത്. അതുപോലെ ദാനീയേൽ 8 ലെ വിശുദ്ധമന്ദിര ശുദ്ധീകരണവും അതിനു സമാന്തരമായി പാപ്പാത്വ കാലത്തിനുശേഷമാണു സംഭവിക്കുന്നത്. ചുരുക്കത്തിൽ ദാനിയേൽ 7 ലെ ഈ സ്വർഗ്ഗീയ ന്യായവിധി - ലോകത്തിന്റെ അന്ത്യത്തിലേക്കു നയിക്കുന്ന ന്യായവിധി തന്നെയാണ് ദാനിയേൽ 8 ലെ വിശുദ്ധ മന്ദിരത്തിന്റെ ശുദ്ധീകരണവും. ഒരേ കാര്യത്തിന്റെ രണ്ടു വ്യത്യസ്ത ചിത്രീകരണങ്ങളാണു ഇവിടെ നമുക്കു നൽകപ്പെട്ടിരിക്കുന്നത്. ഇവ രണ്ടും ചെറിയ കൊമ്പുലോകത്തിനു അടിച്ചേൽപ്പിച്ച 1,260 വർഷങ്ങളിലെ പീഡനത്തിനു ശേഷമാണു സംഭവിക്കുന്നത്.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1 **വിശുദ്ധമന്ദിരത്തിന്റെ ശുദ്ധീകരണവും അതേ കാര്യമായ ദാനിയേൽ 7 ലെ ന്യായവിധിയും, ചെറിയ കൊമ്പിനെ സംബന്ധിച്ച 1,260 വർഷപ്രവചനത്തിനു ശേഷവും എന്നാൽ ദൈവത്തിന്റെ അന്തിമരാജ്യസ്ഥാപത്തിനു മുമ്പുമാണ് സംഭവിക്കുന്നതെന്നു പട്ടിക എപ്രകാരം കാണിച്ചു തരുന്നു?**

2 **ദാനിയേൽ 8 ലെ പ്രവചനം ചരിത്രത്തെ അക്രമവും ദുഷ്ടതയും നിറഞ്ഞതായി ചിത്രീകരിക്കുന്നു. ലോകസാമ്രാജ്യങ്ങളെ സാദൃശീകരിക്കുന്ന രണ്ടുമൃഗങ്ങൾ തമ്മിൽ പൊരുതുന്നു (ദാനി. 8:8-12). അവയ്ക്കുശേഷം വരുന്ന ചെറിയ കൊമ്പു അക്രമവും പീഡനവും കൈമുതലാക്കിയ ശക്തിയാണ് (ദാനി. 8:23-25). അങ്ങനെ, ലോകത്തിലെ കഷ്ടാനുഭവങ്ങളുടെ യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുവാൻ തിരുവെഴുത്തു ശ്രമിക്കുന്നില്ല. നമുക്കുചുറ്റിലും ദുഷ്ടതയുടെ യാഥാർത്ഥ്യത്തെ കാണുമ്പോഴും ദൈവത്തിലും അവിടുത്തെ നന്മയിലും വിശ്വാസം അർപ്പിക്കുവാൻ ഈ അറിവു നമ്മെ എങ്ങനെ സഹായിക്കുന്നു?**